**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 5976 — 04/07/2019-ൽ മറുപടിയ്ക്ക്

## മാനസിക വൈകല്യമുള്ള കുട്ടികളുടെ പഠന നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ തുടങ്ങിയ വൈകല്യമുള്ള കുട്ടികളെ പരിപാലിക്കാൻ ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് സെന്റർ) യിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേഷൻ ടീച്ചർ എന്നിവരുടെ സേവനം ഇരുപത്തിനാലുമണിക്കൂറും ലഭ്യമാകുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പ്രതിവർഷം നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന കുട്ടികൾക്ക് ആവശ്യമുള്ള തെറാപ്പികൾ നൽകുന്നതിനുള്ള തെറാപ്പിസ്റ്റുകളെ ബ്ലോക്ക് റിസോഴ്സ് സെന്റർ തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഓട്ടിസം പാർക്ക് പോലെയുള്ള കേന്ദ്രങ്ങളിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ; | (ബി) | ഓട്ടിസം പാർക്കുകൾ സംസ്ഥാനത്ത് പ്രവർത്തന സജ്ജമായിട്ടില്ല. |
| (സി) | ആർ.പി.ഡബ്ല്യു.ഡി.(റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്) 2016 ആക്ട് പ്രകാരം, നിലവിൽ 8,14,18 എന്നീ വയസുകളിൽ സൈക്ക്യാട്രിസ്റ്റ് നൽകിയിരുന്ന പഠന വൈകല്യ സർട്ടിഫിക്കറ്റ് ഇപ്പോൾ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, ഒക്കുപേഷണൽ തെറാപ്പിസ്റ്റ് എന്നിവരടങ്ങുന്ന മെഡിക്കൽ ബോർഡ് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | മിനിസ്റ്ററി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസിന്റെ എസ്.ഒ 76(ഇ) വിജ്ഞാപന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് 8,14,18 പ്രായത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത് |

(ഡി) പത്താം ക്ലാസ് മൂല്യനിർണയത്തിനു മുൻപായി വളരെ തിരക്കുപിടിച്ച രീതിയിൽ ഇത്തരം വൈകല്യ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു പകരം ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് നിർബന്ധമായും പഠനവൈകല്യ നിർണ്ണയം നടത്തുകയും പഠന വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ കീഴിൽ ട്രയിനിംഗും തെറാപ്പിയും നൽകിയാൽ ഇത്തരം കുട്ടികൾക്ക് നല്ല രീതിയിലുള്ള പുരോഗതി കൈവരിക്കാനാകുമെന്നതിനാൽ ഇതിനായി എന്തെല്ലാം തുടർനടപടികളാണ് വിദ്യാഭ്യാസ വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പഠന വൈകല്യം പ്രൈമറി ക്ലാസ്സുകളിൽ വച്ച് തന്നെ കണ്ടെത്തുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ, എസ്.ഒ 76 (ഇ) വിജ്ഞാപന പ്രകാരം 8 വയസ്സിനുമുൻപ് പഠനവൈകല്യം തിട്ടപ്പെടുത്തുവാൻ സാധിക്കില്ല

(ഇ) ആർ.പി.ഡബ്ല്യു.ഡി.(റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ്) 2016 ആക്ട് പ്രകാരം, ഐക്യൂ ലെവൽ 86 നും അതിന് മുകളിലുമുള്ള കുട്ടികൾക്ക് പഠന വൈകല്യ സർട്ടിഫിക്കറ്റും ഐക്യൂ ലെവൽ 70 ന് താഴെയുള്ള കുട്ടികൾക്ക് മെന്റൽ റിട്ടാർഡേഷൻ സർട്ടിഫിക്കറ്റും നൽകുന്നുണ്ടോ; 70 നും 86 നും ഇടയിൽ (ബോർഡർ ലൈൻ ഐക്യൂ) ഐക്യൂ ഉള്ള കുട്ടികൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റിനെ കുറിച്ച് പ്രസ്തുത നിയമത്തിൽ പരാമർശിക്കാത്തതിനാൽ ഇത്തരം കുട്ടികൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റിനെ കുറിച്ചും വിദ്യാഭ്യാസ അനുകൂല്യങ്ങളെ കുറിച്ചും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മെഡിക്കൽ ബോർഡിനെ സമീപിക്കുന്നവർക്ക് മാനദണ്ഡ പ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ബോർഡർ ലൈൻ ഐ.ക്യൂ ഉള്ള കുട്ടികൾക്ക് റിസോഴ്സ് അധ്യാപകരുടെ സേവനം, ടി.എൽ.എം ലഭ്യത, അനുരൂപീകരണം നടത്തിയ പഠന സാമഗ്രികൾ തുടങ്ങി വിവിധ തരത്തിലുള്ള പിന്തുണ നൽകി വരുന്നു. എന്നാൽ, ഇവരുടെ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആരോഗ്യവകുപ്പാണ് നടപടി സ്വീകരിക്കുന്നത്.

| | | | |
|---|---|---|---|
| (എഫ്) | സ്കൂളുകളിൽ നിലവിൽ റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ വേണ്ടത്ര യോഗ്യതയും പ്രാവീണ്യവും ഇല്ലാത്തവരാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | നിലവിൽ യോഗ്യതയുള്ളവരും പ്രാവീണ്യം ഉള്ളവരുമാണ് റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്നത്. |
| (ജി) | വേണ്ടത്ര യോഗ്യതയും പ്രാവീണ്യവും ആർ.സി.ഐ.(റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ)-ന്റെ രജിസ് ട്രേഷനും ഇല്ലാത്ത റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്നവരെ മാറ്റി പ്രത്യേക പരിഗണന വേണ്ട ഇത്തരം കുട്ടികളെ പഠിപ്പിക്കുന്നതിന് പ്രത്യേക യോഗ്യതയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയോഗിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ജി) | റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ) യുടെ രജിസ്ട്രേഷൻ ഉള്ളവരെയാണ് റിസോഴ്സ് ടീച്ചർമാരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. എന്നാൽ, ആർ.സി.ഐ രജിസ്ട്രേഷൻ പുതുക്കുവാനുള്ളവരെ നിശ്ചിത കാലാവധിക്കുള്ളിൽ (6 മാസം) പുതുക്കാമെന്ന വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്. |

Reen

സെക്ഷൻ ഓഫീസർ